ശ്രീ. കെ. എ. മാത്യു: അദ്ദേഹത്തിനു് വേറെയും ഗവണ്മെണ്ടു ജോലി ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ.കണ്ണാറ ഗോപാലപ്പണിക്കർ: പിന്നീടു് ആ ജോലിക്കു് വേറെ ആളെ നിയമിക്കാതിരിക്കാൻ പ്രത്യേക കാരണം ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. അദ്ദേഹം ജോലിയിൽനിന്നും പിരിഞ്ഞതിട്ടു് ഏതാനും നാളുകളെ ആയുള്ളൂ.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അദ്ദേഹത്തിന്റെ പ്രിലിമിനറി റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് collection of materials ആണു്.

ശ്രീ. എ. താണുപിള്ള: ഏതെങ്കിലും സ്കൂളുകൾ നിർത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. എ. താണുപിള്ള: ഏതു സ്കൂളുകൾ നിർത്തി എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്തുയെന്നു് ക്ലിപ്തമായി പറയുവാൻ നിവൃത്തിയില്ല. ചില സ്കൂളുകൾ നിർത്തിയിട്ടുണ്ടു്. ചില സ്കൂളുകൾ അമാൽഗമേറ്റു് ചെയ്തിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: നിർത്തിയതു ഗവണ്മെണ്ടു സ്കൂളാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. എ. താണുപിള്ള: പ്രൈവറ്റു സ്കൂളുകൾ നിർത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

കയർവ്യവസായം സംബന്ധിച്ചു ചെലവും വിളവും

*൩൭൩. (൯൯) ശ്രീ. വി. കെ. വറുഗീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കയർവ്യവസായമന്ത്രി സദയം മറുപടി പറയുമോ:—

൧൯൫൫ മുതൽ ൧൯൫൬ വരെയുള്ള കൊല്ലങ്ങളിൽ കയർവ്യവസായം സംബന്ധിച്ചു് ഓരോ കൊല്ലങ്ങളിലും എത്ര വീതം ഗവണ്മെണ്ടു ചെലവാക്കി എന്നും ഓരോ കൊല്ലങ്ങളിലും കൂടുതൽ എത്ര വിളവുണ്ടായി എന്നും ദയവായി പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ കാര്യത്തിൽ തിരുവിതാംകൂർ കൊച്ചി സംയോജനത്തിനു് മുമ്പുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല. ൧൯—൪൦ വർഷത്തിൽ ബാക്കിയുള്ള മൂന്നുമാസങ്ങളെ സംബന്ധിച്ചു ഗവണ്മെണ്ടിന്റെ കൈവശമുള്ള വിവരങ്ങൾ താഴെ കാണിക്കുന്നവയാണു്.

൧൯൪൦—൪൧—൧൯൪൧ മുതൽ ന൧൯൪൦—൪൧—൪൦ വരെ ൧൯൪൦, ൧൯൪൧, ൧൯൪൨ ഇപ്രകാരം; ൧൯൪൧—൪൨—൪൦ മുതൽ ന൧൯൪൧—൪൨—൪൦ വരെ ൧൯൪൧, ൧൯൪൨, ൧൯൪൩ ഇപ്രകാരം ചിലവായി. കൂടുതൽ എത്ര വിളവുണ്ടായിയെന്നു് ഉള്ളതിനു് ഫിഗേഴ്സ് ലഭിച്ചിട്ടില്ല.

ശ്രീ. വി. കെ. വറുഗീസു്: കൂടുതൽ വിളവുണ്ടായിട്ടുണ്ടോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരിക്കുമെന്നാണ് വിശ്വാസം.

ശ്രീ. ഇട്ടൂര അയ്യക്കൻ: ഫുഡ് പ്രൊഡക്ഷൻ ബോർഡ് ചെയർമാന്റെ മുതുവളപ്രസ്ഥാനംകൊണ്ട് എത്ര കൂടുതൽ വിളവു ഉണ്ടായിട്ടുണ്ട്.

Mr. Speaker: That question is disallowed.

കൃഷിക്ക വിട്ടുകൊടുത്ത നിലവും കിട്ടിയ നെല്ലും

*൩൫൭. (൨൦) ശ്രീ. വി. കെ. വല്ലീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷ്യാല്ലാദനവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) സർക്കാർവക എത്ര ഏക്കർ സ്ഥലം കൃഷിക്കായി ഫൻ ഴൻ-ൽ കൂടികൃഷിക്ക വിട്ടുകൊടുത്തു;

(ബി) അതിൽനിന്നും എത്ര പറ നെല്ല് സർക്കാരിനു കിട്ടി?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എയും ബിയും) Specific ഫിഗേഴ്സ് കിട്ടിയിട്ടില്ല.

ശ്രീ. പി. കെ. പാഠം: ഈ കാര്യത്തിൽ മന്ത്രിമാരെ മറുപടി വരുത്തുന്നതിനുള്ള താമസം എന്താണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വന്നിട്ടില്ലാ അതുകൊണ്ട്.

കയറുമതി നിരോധനം

*൩൫൮. (൨൧) ശ്രീ. വി. കെ. വർഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മരച്ചീനി കയറുമതിചെയ്യുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിരോധനം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ;

(സി) നിരോധനക്കാലത്ത് എത്രയെങ്കിലും കയറുമതിക്ക് അനുവാദം കൊടുത്തിട്ടുണ്ടോ;

(ഡി) ഫൻ ഓ-ൽ മരച്ചീനി അന്യരാജ്യങ്ങളിലേക്ക കയറുമതിചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഫൻർന്ന മാസ്സ് ൪-ാംതിയതിമുതൽ ഈ നിരോധനം നിലവിലുണ്ട്.

(സി) ചുരുക്കം ചില പെർമിറ്റുകൾ നൽകിയിട്ടുണ്ട്.

(ഡി) ഫൻ ഓ-ൽ നൽകിയിട്ടില്ല.

ശ്രീ. വി. കെ. വർഗീസ്: ഈ ചുരുക്കം ചില ആളുകൾക്ക പെർമിറ്റ നൽകാനുള്ള കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു അടുത്തകാലത്തു നൽകിയിട്ടുള്ളതല്ല.

ശ്രീ. വി. കെ. വർഗീസ്: എത്രപേർക്കാണ് നൽകിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly